വകുപ്പിന് കീഴിൽ സ്വകാര്യ പൊതുകുളങ്ങൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ, നബാർഡ് എന്നിവയുടെ ധനസഹായത്തിൽ ഉൾപ്പെടുത്തിയും കുളങ്ങൾ നവീകരിക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്.

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

119 (2328) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ നിന്ന് സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസലിൽ ഏതെല്ലാം കുളങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നതെന്ന ലിസ്റ്റ് ലഭ്യമാക്കാമോ ;

(ബി) കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന RRR (Repair, Renovation and Restoration of Pond) പദ്ധതിയിൽ കുട്ടനാട്ടിലെ ഏതെല്ലാം കുളങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കുട്ടനാട്ടിൽനിന്നും 4 കുളങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അവ

1. ചെറുകര ക്ഷേത്രം/ഹൈസ്കൂൾ കുളം
2. കരിക്കാവിൽ കുളം (വാർഡ് നമ്പർ. 9)
3. വക്കയചേരിക്കുളം
4. മൂലത്തറകുളം

(ബി) കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന RRR (Repair, Renovation and Restoration of Pond) പദ്ധതിയിൽ ഇതുവരെ കുട്ടനാട്ടിലെ കുളങ്ങൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല.

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

120 (2329) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം എത്ര കുളങ്ങളാണ് പുനരുദ്ധരിക്കുന്നത് ;

(ബി) ഇതിൽ കായംകുളം മണ്ഡലത്തിലെ എത്ര കുളങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇതിന്റെ നിലവിലുള്ള പുരോഗതി എന്തെന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം 354 കുളങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള ഭരണാനുമതിയാണ് നൽകിയത്.

(ബി) ഇതിൽ കായംകുളം മണ്ഡലത്തിലെ കുളങ്ങൾ ഉൾപ്പെട്ടിട്ടില്ല.

കുളം നവീകരണ പദ്ധതി

121 (2330) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിക്കും മറ്റ് പൊതുആവശ്യങ്ങൾക്കും ഉപയോഗിക്കുന്നതിനായി ആരംഭിച്ച കുളംനവീകരണ പദ്ധതിയിൽ കോങ്ങാട് മണ്ഡലത്തിൽ എത്ര കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകി എന്ന് വ്യക്തമാക്കുമോ ;

(ബി) ഒരു കുളത്തിനു പോലും നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടില്ലെങ്കിൽ നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നല്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ആർ.ആർ.ആർ. പദ്ധതിയിൽ ഉൾപ്പെടുത്തി കോങ്ങാട്നിയോജക മണ്ഡലത്തിൽ 6 കുളങ്ങളുടെ നവീകരണത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 4 എണ്ണം പൂർത്തിയാക്കി. സ്ഥല തർക്കംമൂലം ബാക്കി 2 കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

(ബി) ബാധകമല്ല.

ദേശീയ ജലപാതയുടെ നിർമ്മാണം

122 (2331) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേശീയ ജലപാത യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly